I/59270/2022

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/3232/2022-WEC2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം.
പൂജപ്പുര,തിരുവനന്തപുരം
തീയതി : 17-09-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

**പരിപത്രം**

വിഷയം:- വനിത ശിശുവികസന വകുപ്പ്- വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം 2022-23-അപേക്ഷ സമർപ്പിക്കുന്ന കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് -സംബന്ധിച്ച്:-

സൂചന:- 1. ഈ കാര്യാലയത്തിൽ നിന്നുള്ള 16/08/2022 ലെ ഇതേ നംബരായുള്ള പരിപത്രം

'വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം' എന്ന പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷത്തിൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 15-09-2022 ആയി നിശ്ചയിച്ച് സൂചന (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലപരിധി അവസാനിച്ച സാഹചര്യത്തിലും മുൻ വർഷങ്ങളെ അപേക്ഷിച്ച് അപേക്ഷകരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് കാണുന്നു. ഈ സാഹചര്യത്തിൽ പദ്ധതിക്കായി അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 2022 ഡിസംബർ 31 വരെയായി ദീർഘിപ്പിക്കുന്നു.

2022 സെപ്റ്റംബർ 15 വരെ ലഭിച്ച അപേക്ഷകളിൽ നിന്നും പദ്ധതി മാനദണ്ഡപ്രകാരം അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ക്രോഡീകരിച്ച് അതത് ജില്ലാ ഓഫീസർമാർ അടിയന്തിരമായി അലോട്ട്മെന്റിനായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

മുൻ വർഷങ്ങളെ അപേക്ഷിച്ച് അപേക്ഷകരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് കാണുന്നതിനാൽ പത്ര -ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയും, അങ്കണവാടി പ്രവർത്തകർ വഴിയും പദ്ധതിയെപ്പറ്റി ജനങ്ങൾക്കിടയിൽ ശക്തമായ പ്രചാരണം നടത്തേണ്ടതാണ്. കൂടാതെ മുൻ വർഷങ്ങളിൽ പദ്ധതി പ്രകാരം ധനസഹായം ലഭിച്ചവർക്കുപോലും 2021-22 വർഷം സി.ഡി.പി.ഒ മാരുടേയും ജില്ലാ ഓഫീസർമാരുടേയും അനാസ്ഥ മൂലം പദ്ധതി ധനസഹായം ലഭ്യമാകാത്തതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുമ്പോൾ ഉണ്ടാകുന്ന തെറ്റുകൾ തിരുത്തൽ വരുത്തി പുനസമർപ്പിക്കുവാൻ വെബ്സൈറ്റിൽ നൽകിയിട്ടുള്ള ഓപ്ഷൻ ഉപയോഗിക്കേണ്ടതും, പരമാവധി അപേക്ഷകർക്ക് ധനസഹായം ഉറപ്പ് വരുത്തേണ്ടതുമാണ്. ശിശു വികസന പദ്ധതി ഓഫാസർമാർ/ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ എന്നിവരുടെ അനാസ്ഥയാൽ ഏതെങ്കിലും ഗുണഭോക്താവിന് ധനസഹായം ലഭ്യമാകാതെ വന്നാൽ ആയത് ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർ/ജില്ലാ വനിതാ ശിശു വികസന ഓഫീസർ എന്നിവരുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

Scanned with CamScanner

DWCD/3232/2022-WEC2

I/59270/2022

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ്

1. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
2. ഫിനാൻസ് ഓഫീസർ
3. ഡയറക്ടറുടെ സി.എ
4. സ്റ്റോക്ക് ഫയൽ

Scanned with CamScanner